**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1339** **18-01-2021 - ൽ മറുപടിയ്ക്ക്**

**സ്കൂൾ വിദ്യാഭ്യാസത്തിലെ ഭാഷാപഠനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. വി .ഡി. സതീശൻ | | Prof. C. Raveendranath<br>(പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി) | |
| (എ) | പ്രീപ്രൈമറി തലം മുതൽ ഹയർസെക്കന്ററി തലം വരെ മാതൃഭാഷ നിർബന്ധമാക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകുമോ; | (എ) | 2017-ലെ മലയാള ഭാഷാ പഠന ആക്റ്റിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും പത്താം തരം വരെ മലയാളം പഠിപ്പിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായി 2018 വർഷത്തിൽ മലയാള ഭാഷാ പഠന ചട്ടങ്ങൾ നിലവിൽ വന്നിട്ടുണ്ട്. ഈ ചട്ടങ്ങൾ പ്രകാരം സംസ്ഥാനത്ത് സി.ബി.എസ്.ഇ, ഐ.സി.എസ്.ഇ സിലബസ് പിൻതുടരുന്ന എല്ലാ സ്കൂളുകളിലും മലയാള ഭാഷ പഠിപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. മലയാളം പഠിപ്പിക്കാത്ത കന്നട, തമിഴ് മീഡിയം സ്കൂളുകളിൽ മലയാള ഭാഷവിനിമയം ചെയ്യുന്നതിനായി 'നമ്മുടെ മലയാളം' പാഠപുസ്തകം SCERT തയ്യാറാക്കിയിട്ടുണ്ട്. 1,2,3,4 ക്ലാസ്സുകളിലേയ്ക്കുള്ള പാഠപുസ്തകം തയ്യാറാക്കിക്കഴിഞ്ഞു. ഘട്ടം ഘട്ടമായി മറ്റു ക്ലാസ്സുകളിലേയ്ക്കുള്ള പാഠപുസ്തകങ്ങളും തയ്യാറാക്കി നൽകുന്നതാണ്. സംസ്ഥാനത്തെ പൊതു വിദ്യാലയങ്ങളിൽ 10-ാം ക്ലാസ്സുവരെയുള്ള ക്ലാസ്സുകൾ ഒന്നാം ഭാഷയായും, ഹയർസെക്കണ്ടറി തലത്തിൽ ഉപഭാഷയായും ഓപ്ഷണൽ ആയും മലയാളം പഠിപ്പിക്കുന്നതിന് അവസരമൊരു ക്കിയിട്ടുണ്ട്. ഇതിനുള്ള പാഠപുസ്തകങ്ങളും SCERT തയ്യാറാക്കിയിട്ടുണ്ട്. |
| (ബി) | സമ്പർക്ക ഭാഷ എന്ന നിലയിൽ ഇംഗ്ലീഷ് ഭാഷാ പഠനം കൂടുതൽ മെച്ചപ്പെടുത്തിയതിലൂടെ പൊതുവിദ്യാലയങ്ങളെ ആകർഷകമാക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; | (ബി) | കഴിഞ്ഞിട്ടുണ്ട്. 'റെലിഷ് ഇംഗ്ലീഷ്', 'ഹലോ ഇംഗ്ലീഷ്', 'ഇ-ക്യൂബ് ഇംഗ്ലീഷ്' എന്നീ പദ്ധതികളിലൂടെ വിദ്യാർത്ഥികളുടെ ഇംഗ്ലീഷ് ആശയവിനിമയ ശേഷി മെച്ചപ്പെടുത്താൻ സാധിച്ചിട്ടുണ്ട്. വിദ്യാർത്ഥികൾക്ക് ഇംഗ്ലീഷിനോട് ആഭിമുഖ്യം ജനിപ്പിക്കുന്നതിനും ഒഴുക്കോടെ ഇംഗ്ലീഷ് സംസാരിക്കാനുള്ള താൽപര്യം വളർത്താനും ഇതിലൂടെ സാധിച്ചിട്ടുണ്ട്. |
| (സി) | സെക്കന്ററി തലത്തിലെ ഇംഗ്ലീഷ് ഭാഷാ പഠനം മെച്ചപ്പെടുത്തുന്നതിന് ആവിഷ്കരിച്ച പദ്ധതികൾ | (സി) | സെക്കന്ററി തലത്തിലെ ഇംഗ്ലീഷ് ഭാഷാ പഠനം മെച്ചപ്പെടുത്തുന്നതിനായി ആവിഷ്കരിച്ച പരിപാടി |

| | | | |
|---|---|---|---|
| | എന്തൊക്കെയാണ്; | | യാണ് 'റെലീഷ് ഇംഗ്ലീഷ്'. ഗവേഷണാടി സ്ഥാനത്തിൽ ഇംഗ്ലീഷ് ഭാഷാശേഷികൾ വികസിപ്പിക്കാനായി ആവഷ്കരിച്ച പദ്ധതിയാണിത്. |
| (ഡി) | പൊതുവിദ്യാലയങ്ങളിൽ മേല്പറഞ്ഞ മേഖലയിൽ കൊണ്ടുവന്ന മാറ്റങ്ങളിലൂടെ കൂടുതൽ കുട്ടികളെ പൊതുവിദ്യാലയങ്ങളിലേക്ക് ആകർഷിക്കുന്നതിന് സാദ്ധ്യമായിട്ടുണ്ടോ? | (ഡി) | ഉണ്ട്. മേൽ സൂചിപ്പിച്ച പ്രവർത്തനപരിപാടികളിലൂടെ പൊതുവിൽ കുട്ടികളുടെ ഭാഷാശേഷി വികസിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഭാഷാപഠന രംഗത്ത് പുത്തൻ ഉണർവ് സൃഷ്ടിക്കാനും ഇതുമൂലം കഴിഞ്ഞിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ